# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എളവള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി.4)305/2023.

നം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 21/03/2023
ഇ–മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എളവള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം തീയ്യതി: 21/03/2023
കെ.എസ്.എ.ടി.എസ്.ആർ(പി.4)305/2023.

## തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-07-2022 മുതൽ 06-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സതീശൻ എൻ. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 07-02-2023 | 16-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-02-2023 | 16-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1) റഫി **ജോൺ**, ഓഡിറ്റ് ഓഫീസ**ർ** (ഹ.ഗ്രേ.)
2) ഷൈനി കൃഷ്ണദാസ് ഇ., അസി.ഓഡിറ്റ് ഓഫീസർ
3) അനീറ്റ ഡൊമിനിക്, ഓഡിറ്റർ
4) സ്വാലിഹ് സി.പി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ജിയോ ഫോക്സ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ആൽഫ്രഡ് എം കെ | സെക്രട്ടറി-**ഇൻ**-ചാർജ്ജ് | 01-04-2021 | 07-04-2021 |
| തോമാസ് അലിയാസ് രാജൻ | സെക്രട്ടറി | 08-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പ്രശാന്ത് അരവിന്ദ്കുമാർ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ബാബു കെ പോൾ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.ചിന്ത കെ പി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ.ഹസീന കെ.എ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.ദിവ്യശ്രീ | മെഡിക്കൽ ഓഫീസർ (ആയുർവേദം ) | 01-04-2021 | 31-03-2022 |
| ഡോ.അജിത് കുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| സജീന്ദ്രമോഹൻ കെ | പ്രധാന അദ്ധ്യാപകൻ | 01-04-2021 | 31-03-2022 |
| ബൈജു വിൻസെൻറ് | വി.ഇ.ഒ (ബ്രഹ്മകുളം സർക്കിൾ ) | 01-04-2021 | 31-03-2022 |
| ഹരി കെ എ | വി.ഇ.ഒ (വാക സർക്കിൾ ) | 01-04-2021 | 31-03-2022 |
| ആൽഫ്രഡ് എം കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 18-07-2021 |
| പി ജയചന്ദ്രൻ | അസിസ്റ്റന്റ് സെക്രട്ടറി | 19-07-2021 | 31-03-2022 |
| റാഹില | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 01-04-2021 | 11-07-2021 |
| മീര മോഹനൻ | ഐ.സി.ഡി. എസ് സൂപ്പർവൈസർ | 12-07-2021 | 31-03-2022 |
| ബീന എം കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 18-04-2021 |
| മോനിഷ എം എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് രൂപീകരണം - നിയമ നിഷ്കർഷ പാലിച്ചിരുന്നോ എന്ന അന്വേഷണം | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | വാ**ർ**ഷിക കണക്ക് അപാകങ്ങ**ൾ** | 1-10 |
| 12 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-10-1 |
| 13 | വസ്തു നികുതി -റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 14 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 15 | വസ്തു നികുതി -റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 16 | വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 17 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-6 |
| 18 | വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-7 |
| 19 | വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല | 1-10-8 |
| 20 | വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു | 1-10-9 |
| 21 | വസ്തു നികുതി മുൻകൂർ- സാങ്കല്പിക വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ | 1-10-10 |
| 22 | ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-10-11 |
| 23 | വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-10-12 |
| 24 | Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-13 |
| 25 | ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-14 |
| 26 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-10-15 |
| 27 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-16 |
| 28 | ഡിപ്രിസിയേഷൻ - അതത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല | 1-10-17 |
| 29 | ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്തത് 19480/- രൂപ | 1-10-18 |

| | | |
|---|---|---|
| 30 | അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല | 1-10-19 |
| 31 | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല | 1-10-20 |
| 32 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-10-21 |
| 33 | രസീത് പരിപാലനത്തിലെ അപാകങ്ങൾ | 1-11 |
| 34 | നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-12 |
| 35 | സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല. | 1-13 |
| 36 | വസ്തു നികുതി നിർണയത്തിലെ /കളക്ഷനിലെ അപാകങ്ങൾ | 1-14 |
| 37 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ | 1-15 |
| 38 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്. | 1-16 |
| 39 | സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ | 1-17 |
| 40 | ടെണ്ടർ ഫോം വില്പന വരവ് - പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. | 1-18 |
| 41 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി തുക കൈമാറിയത്- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. | 1-19 |
| 42 | സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം - തുക തിരികെ ലഭ്യമാക്കേണ്ടതാണ്. | 1-20 |
| 43 | കണ്ടിജൻസി ചെലവുകൾക്ക് അഡ്വാൻസ് അനുവദിച്ചത് - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല | 1-21 |
| 44 | ആശ്രയ പദ്ധതി - തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-22 |
| 45 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-23 |
| 46 | പോത്തുകുട്ടിയെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-24 |
| 47 | കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 48 | വി.ഇ.ഒ.(ബ്രഹ്മകുളം സർക്കിൾ)-പദ്ധതി അപാകങ്ങൾ | 1-26 |
| 49 | ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച് | 1-27 |
| 50 | അനർഹനായ വ്യക്തിക്ക് കട്ടിൽ നൽകി | 1-28 |
| 51 | ധനവിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-29 |
| 52 | സ്ഥലം വാങ്ങൽ-അനുവദനീയ പരിധിക്കു പുറത്ത് തുക ചെലവഴിച്ചു | 1-30 |
| 53 | തുക നൽകിയിട്ടും ലാപ്ടോപ്പ് ലഭ്യമാക്കിയില്ല. | 1-31 |
| 54 | നിർവ്വഹണോദ്യോഗസ്ഥനെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തീരുമാനിച്ചു | 1-32 |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | അനർഹനായ വ്യക്തിക്ക് കട്ടിൽ നൽകി | 3-1 |
| ഭാഗം 4 | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| | |
|---|---|
| പാസ്സാക്കിയ തിയതി | 17.02.2021 |
| കമ്മിറ്റി തീരുമാനം | 1 |
| പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
| 380022000 | 380063730 |
| റിവൈസ്ഡ് ബജറ്റ് | |
| പാസ്സാക്കിയ തിയതി | 23.03.2022 |
| കമ്മിറ്റി തീരുമാനം | 1 |
| വരവ് | ചെലവ് |
| 318773000 | 325848230 |

### 1-1-1 ബജറ്റ് രൂപീകരണം - നിയമ നിഷ്കർഷ പാലിച്ചിരുന്നോ എന്ന അന്വേഷണം

ഒരു നിശ്ചിത കാലയളവിൽ ഒരു സ്ഥാപനത്തിനുണ്ടായേക്കാവുന്ന ചെലവുകളുടെയും വരവുകളുടെയും ഇനം തിരിച്ചുള്ള സംക്ഷിപ്തമാണ് ബഡ്ജറ്റ്. സാമ്പത്തിക ആസൂത്രണത്തിന് ഒരു സ്ഥാപനത്തിന് ആശ്രയിക്കാവുന്ന ഏറ്റവും ഫലപ്രദമായ ഉപകരണമാണത്. സാമ്പത്തിക അച്ചടക്കം കൈവരിക്കുന്നതിൽ ബഡ്ജറ്റിന്റെ സ്വാധീനം വലുതാണ്. സ്ഥാപനത്തിന്റെ വിവിധ ചെലവുകൾക്ക് ലക്ഷ്യങ്ങൾക്കനുസൃതമായ മുൻഗണന നൽകി സാമ്പത്തിക സ്ഥിതി നേരായവിധത്തിൽ നിയന്ത്രിക്കുന്നതിന് ബഡ്ജറ്റ് സഹായിക്കുന്നു.

ഓഡിറ്റ് വേളയിൽ ബജറ്റ് ഫയൽ ഹാജരാക്കാത്തതിനാൽ ആവശ്യകത വിലയിരുത്തുന്നതിനോ ബജറ്റ് രൂപീകരണത്തിൽ നിയമത്തിൽ അനുശാസിക്കുന്ന നടപടികൾ എടുത്തിരുന്നോ എന്ന് പരിശോധിക്കുന്നതിനോ സാധിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിഷയങ്ങളിലുള്ള മറുപടി/വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/07.02.23) മറുപടി ലഭ്യമാക്കിയില്ല.

1. ബഡ്ജറ്റിൽ ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ടോ ? അല്ലെങ്കിൽ ഡി.പി.സി അംഗീകരിച്ച മുറയ്ക്ക് വാർഷിക പദ്ധതി കൂടി ഉൾപ്പെടുത്തി ബഡ്ജറ്റ് പുതുക്കിയിട്ടുണ്ടോ ? [കേ.പ.രാ.നിയമം വകുപ്പ് 175(1),214(1)], [(സ.ഉ.(കൈ)11/2018 /തസ്വഭവ തീ.29.01.2018-യിലെ ഖണ്ഡിക9]

2. വാസ്തവികമായ ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിച്ചിട്ടുണ്ടോ ?

3. സെക്രട്ടറി, വിവിധ ഓഫിസ് തലവൻമാരുടെ യോഗം വിളിച്ച് ചേർത്ത് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുന്നതിന് നിർദ്ദേശം നൽകുകയോ അപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയോ (കേ.പ.രാ.നിയമം വകുപ്പ് 214(1)) ചെയ്തിട്ടുണ്ടോ ?

4. ജനവരി 15 ന് മുമ്പ് മറ്റ് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ എസ്റ്റിമേറ്റുകളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകേണ്ടതാണ്.(കേ.പ.രാ.നിയമം വകുപ്പ് 214(1)) അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ?

5. G.O.(Rt.)No.3291/2016/LSGD Dt.02.12.2016പ്രകാരം *Manual On Finance Management:Budget* സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത മാനവലിന്റെ ഖ. 1.3(x)ൽ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ്, ബജറ്റ് സ്റ്റേറ്റ്മെന്റ് എന്ന് വിളിക്കപ്പെടുന്ന ഫോർമാറ്റിലാണ് അവതരിപ്പിക്കേണ്ടതെന്ന് അനുശാസിക്കുന്നുണ്ട്. ബജറ്റ് സ്റ്റേറ്റ്മെന്റിലെ ഘടകങ്ങളായ പെർഫോമൻസ് ബഡ്ജറ്റ്, ജെന്റർ ബഡ്ജറ്റ് എന്നിവ 2021-22ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?.

ബന്ധപ്പെട്ട നിയമ നിഷ്കർഷകൾ പാലിച്ചുകൊണ്ട് സാമ്പത്തിക ആസൂത്രണത്തിന് സഹായകമാകുന്ന തരത്തിൽ ബഡ്ജറ്റ് രൂപീകരണം സാധ്യമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 31.07.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25665339.18 |
| വരവ് | 11,88,60,282.00 |
| ആകെ | 14,45,25,621.18 |
| ചെലവ് | 11,17,43,404.00 |
| നീക്കിയിരിപ്പ് | 32782217.18 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ(ACR പ്രകാരം) | 0 | 15189588 | 15189588 | 15189588 | 0 |
| വികസനഫണ്ട്-എസ്.സി.പി(ACR പ്രകാരം) | 0 | 3746079 | 3746079 | 3746079 | 0 |
| വികസനഫണ്ട്-ടി.എസ്.പി(ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ്(ACR പ്രകാരം) | 0 | 21322253 | 21322253 | 20131577 | 1190676 |
| മെയിന്റനൻസ്, നോൺ-റോഡ്(ACR പ്രകാരം) | 0 | 5448243 | 5448243 | 4642192 | 806051 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻഗ്രാന്റ് (ACR പ്രകാരം) | 0 | 13016732 | 13016732 | 9476684 | 3540048 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 200 | 148696269 | 173 | 83669069 | 56.27 | 86.5 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2538.40 | 682219 | 684757.40 | 684757 | 0.40 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് + മെറ്റിരീയൽ കോസ്റ്റ് | 0 | 19595367 | 19595367 | 19595367 | 0 |
| ആകെ | 2538 | 20277586 | 20280124.4 | 20280124 | 0.40 |

വാർഷിക കണക്കിലെ I6 പ്രകാരമുള്ള തുക 20222426/-രൂപയാണ്.
എന്നാൽ RP-30 ൽ 320100128 എന്ന ഹെഡിൽ 51720 +4978= 56698/- രൂപയും Slale Cheque ഇനത്തിൽ 1000/- രൂപയും അധികമായി വന്നിട്ടുള്ളത് നിമിത്തം ആകെ തുക 20280124.4 രൂപയായിട്ടാണ് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 5,854,600 | 333 |
| വിധവാപെൻഷൻ | 18,634,300 | 1172 |
| വാർദ്ധക്യകാലപെൻഷൻ | 41,574,900 | 2789 |
| വികലാംഗപെൻഷൻ | 4,695,300 | 306 |
| അവിവാഹിത പെൻഷൻ | 2,200,800 | 139 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180,000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.02.2023 തീയതിയിൽ 3.45 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20780/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ബജറ്റ് രൂപീകരണത്തിൽ നിയമനിഷ്കർഷ പാലിച്ചതായുള്ളരേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.വാർഷികകണക്കുകളിൽ വളരെ അധികം അപാകതകൾ കാണുന്നു.(ഖ.1-10ഖണ്ഡികയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.വാർഷികകണക്കുകൾ ഗ്രാമപഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല.വസ്തുനികുതി സംബന്ധിച്ചവിവരങ്ങൾ അസ്സസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്താതെയും.സഞ്ചയഡാറ്റാപ്യൂരിഫിക്കേഷൻപൂർത്തിയാകാതെയുമുള്ളഅവസ്ഥനിലവിലുണ്ട്.വരവിനത്തിലുള്ള നികുതികളും ഫീസുകളും പൂർണ്ണമായി ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്.പദ്ധതിനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നിർവ്വഹണഉദ്യോഗസ്ഥർക്ക് അവർക്ക് നിർദ്ദേശിച്ചിട്ടില്ലാത്ത മേഖലകളിലെ പദ്ധതി അനുവദിച്ചുനൽകിയിട്ടുണ്ട്.അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 വാർഷിക കണക്ക് അപാകങ്ങൾ

വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി : 4/14.2.2023)

### 1-10-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

### 1-10-2 വസ്തു നികുതി -റെസിഡെൻഷ്യൽ (തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം (റെസിഡൻഷ്യൽ)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2810330 | 2791130 | 20497 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2810330 | 2789833 | 20497 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

### 1-10-3 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(തൻവർഷം)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1516871 | 1473537 | 46683 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1516871 | 1470188 | 46683 | 0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 വസ്തു നികുതി -റെസിഡെൻഷ്യൽ (കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 54476 | 54508 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 8051 | 54476 | 0 |
| | *(2020-21-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-10-5 വസ്തു നികുതി - നോൺ റെസിഡെൻഷ്യൽ(കുടിശ്ശിക)-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 35726 | 36640 | 0 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 25057 | 35726 | 0 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 1-10-6 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 143320 | 2790 | 146110 | 142227 | 2758 | 144985 | 1129 | | 0 | 0 | 0 |
| | നോൺ-റെസിഡൻഷ്യൽ | 76599 | 1800 | 78399 | 74385 | 1846 | 76321 | 2358 | | 0 | 0 | 0 |
| | ആകെ | | | 224509 | | | 221216 | 3487 | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 224509.57 | | | 221296 | | | | 224509 | 0.57 | | |
| | | 1669.57+222840 =224509.57(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (431910101 -State Govt . Cess/levies..ലെഡ്ജർ 2021-22) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

| | | | | |
|---|---|---|---|---|
| | ബി-15,431910101 -State Govt. Cess/levies ലെഡ്ജർ 2021-22) | | | |

1. ഡിമാന്റ്, കളക്ഷൻ, മുൻകൂർ ക്രമീകരിച്ചത് എന്നീ തുകകൾ പൊരുത്തപ്പെടുന്നില്ല.
2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.
3. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 221296 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 221216 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 224509 രൂപയാണ്. (വൗച്ചർ 42101293 തീ. 31.3.2022 (143320+76559+2790+1800 = 224509))

## 1-10-7 വസ്തു നികുതി മുൻകൂർ-ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 1271 | 242132 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 4241 | 665900 |

## 1-10-8 വസ്തു നികുതി - യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിൽ 199 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22 ലെ “110100101-Property Tax On Residential Buiding”എന്ന ശീർഷകത്തിലേയും “110100103-Property Tax On Non Residential Buiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ ഉടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-9 വസ്തു നികുതി മുൻകൂർ- തുക സാങ്കല്പികമായി വർദ്ധിപ്പിച്ചു

2020-21 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 “Other Liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2021-22 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. “Prior Period Items” എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും ഉടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2021-22ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410104-Advance Collection Of Revenues -Property Tax On Residential Building | 4861 | 20497 |
| 2 | 350410101-Advance Collection Of Revenues -Property Tax On Non-Residential Building | 2037 | 46683 |

## 1-10-10 വസ്തു നികുതി മുൻകൂർ- സാങ്കല്പിക വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ

തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു. അതിൽ 60282 രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior Period Items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായും കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

റെസിഡൻഷ്യൽ

| ക്രമ.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42101294 | 31.3.2022 | 15636 |

നോൺ-റെസിഡൻഷ്യൽ

| ക്രമ.ന | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 42101295 | 31.3.2022 | 44646 |

## 1-10-11 ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 1747104 | 31.3.2022 | 42101255 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-12 വരവിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

B. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

C. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

D. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

E. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

F. വാടക ഡിമാൻഡ് രജിസ്റ്റർ

G. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

## 1-10-13 Prior Period -വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18,ഐ-19) പ്രകാരം “290000000-Prior Period Expenditure,190000000-Prior Period Income” എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18,I-19) | 31/3/2022 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190200401-Prior Period Income - Other Incomes | 1,493,245 |
| 190300404 -Prior Period Income - Recovery Of Unutilized Grants/Funds | 287,132 |
| 290800701 – Prior Period Expenses - Miscellaneous Expenses | 500 |

## 1-10-14 ജേണൽ മുഖേനയുള്ള രേഖപ്പെടുത്തലുകൾ - വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-15 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-16 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7116878 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 45107122 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-17 ഡിപ്രിസിയേഷൻ - അതത് ആസ്തികളുടെ ശീർഷകങ്ങളുടെയോ ആസ്തികളുടെ ഗണത്തിനനുസരിച്ചോ (Block Of Assets) പുനക്രമീകരിച്ചിട്ടില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിയിസേഷൻ, അക്യുമലേറ്റഡ് ഡിപ്രിയിസേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിയിസേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല

## 1-10-18 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്തത് 19480/- രൂപ

SBI, E Pay(37127161814) അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം 21222/- രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 19480/- രൂപയുടെ ചെക്കുകൾ ഉൾപ്പെടുന്നു. ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-10-19 അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം | | വാർഷിക കണക്ക് പ്രകാരം | |
|---|---|---|---|---|
| 460500801-Advance To Mahatma Gandhi NREGA/AUEGS Administrative Expense | Refund | 626564 | Refund | 0 |

## 1-10-20 ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം | | വാർഷിക കണക്ക് പ്രകാരം | |
|---|---|---|---|---|
| 340200101-RentDeposits | Receipts | 78161 | Receipts | 75716 |
| 340200102- Auction Deposits | Receipts | 2000 | Receipts | 1000 |

## 1-10-21 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കിയതിന്റെ വിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 165226648 |
| ആകെ ചെലവ് (B) | | 169262508 |
| മിച്ചം തുക C= A-B | | -4035860 |
| Prior Period Income | 1913116 | |
| Prior Period Expenditure | 500 | |
| Net Difference Between Prior Period Income And Expenses ( D ) | | 1912616 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | -2123244 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ -4035860 ൽ നിന്നും 1912616 കുറച്ചപ്പോൾ ലഭിച്ച -5948476 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്. എന്നാൽ 31/3/22 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടുള്ളത് ശരിയായ -2123244 രൂപ തന്നെയാണ്.

| | |
|---|---|
| 31/3/21 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -1302780.87 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | -2123244 |
| 31/3/22 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | -3426024.87 |

(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 1913116 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

## 1-11 രസീത് പരിപാലനത്തിലെ അപാകങ്ങൾ

പഞ്ചായത്തിലെ വരവ് സംബന്ധിച്ചിട്ടുള്ള വിവിധ രസീതുകളും കളക്ഷൻ രജിസ്റ്ററും അക്കൗണ്ടും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1. 10297, 10298, 10299, 10300 എന്നീ നമ്പർ രസീത് ബുക്കിലെ രസീത് കൗണ്ട് സർട്ടിഫൈ ചെയ്തിട്ടില്ല. (കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്)ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2 )

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 83 പ്രകാരം ഒഴിവാക്കാനാവാത്ത സന്ദർഭങ്ങളിൽ ഒഴികെ , ലഭിച്ച രസീതി ബുക്കുകൾ പൂർണമായും ഉപയോഗിച്ച് തീരുകയും കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീത് ബുക്കുകൾ നൽകുവാൻ പാടുള്ളതല്ല. എന്നാൽ എളവള്ളി പഞ്ചായത്തിൽ നിന്നും കൃഷി ഓഫീസർക്ക് 28.1.2023 തീയതിയിൽ അനുവദിച്ച 10296 എന്ന രസീത് ബുക്ക് ഉപയോഗിച്ച് തീരുന്നതിനു മുൻപ് തന്നെ (7.2.2023 വരെ 50 രസീതുകളാണ് ഉപയോഗിച്ചിട്ടുള്ളത്) 3.2.2023 തീയതിയിൽ 10297, 10298, 10299, 10300 എന്നീ നമ്പറുകളിലുള്ള 4 രസീത് ബുക്കുകൾ ഇഷ്യൂ ചെയ്തിട്ടുണ്ട്. നിലവിൽ 10297, 10298, 10299, 10300 എന്നീ നമ്പറുകളിലുള്ള 4 രസീത് ബുക്കുകൾ ഉപയോഗിക്കാതെ കൈവശം വെച്ചിരിക്കുയാണ് ചെയ്തിട്ടുള്ളത്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 10/15.2.2023) ലഭ്യമാക്കിയ മറുപടിയിൽ ക്രമനമ്പർ (1) ലെ രസീത് ബുക്കുകൾ കൗണ്ട് സർട്ടിഫൈ ചെയ്യാതെ നല്കിയിട്ടുള്ളതാണെന്നും ക്രമനമ്പർ (2) ൽ പറഞ്ഞിട്ടുള്ള അധികമായി നൽകിയ രസീത് ബുക്കുകൾ തിരികെ വാങ്ങി സ്റ്റോക്ക് ബുക്കിൽ വരവ് വെച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രസീത് പരിപാലനത്തിൽ ബന്ധപ്പെട്ട എല്ലാ ചട്ടങ്ങളും കർശനമായും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം വസ്തു നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ വിവരം ഫാറം 4 പ്രകാരമുള്ള നികുതി നിർണയ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നികുതി നിർണയം നടത്തിയ മുഴുവൻ കെട്ടിടങ്ങളെയും സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ എന്നീ 4,5,7,16 എന്നീ വാർഡുകളിലെ കെട്ടിടങ്ങൾ മാത്രം പരിശോധിച്ചതിൽ താഴെപ്പറയുന്ന നമ്പരുകളിലുള്ള കെട്ടിടങ്ങളുടെ വിവരം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| Ward 4 | | | Ward 7 | | | Ward 16 | | | Ward 5 | | |
|---|---|---|---|---|---|---|---|---|---|---|---|
| Missing From | Missing To | Missing Total | Missing From | Missing To | Missing Total | Missing From | Missing To | Missing Total | Missing From | Missing To | Missing Total |
| 16 | 16 | 1 | 54 | 54 | 1 | 6 | 6 | 1 | 35 | 35 | 1 |
| 55 | 55 | 1 | 354 | 354 | 1 | 168 | 168 | 1 | 82 | 82 | 1 |
| 101 | 101 | 1 | 468 | 468 | 1 | 171 | 171 | 1 | 120 | 120 | 1 |
| 106 | 106 | 1 | 510 | 510 | 1 | 270 | 270 | 1 | 159 | 159 | 1 |
| 134 | 134 | 1 | Total | | 4 | 281 | 281 | 1 | 164 | 165 | 2 |
| 137 | 137 | 1 | | | | 344 | 344 | 1 | 183 | 183 | 1 |
| 172 | 172 | 1 | | | | 417 | 417 | 1 | 237 | 237 | 1 |
| 179 | 179 | 1 | | | | 427 | 427 | 1 | 244 | 244 | 1 |
| 242 | 242 | 1 | | | | Total | | 8 | 266 | 266 | 1 |
| 359 | 359 | 1 | | | | | | | 273 | 273 | 1 |
| 387 | 387 | 1 | | | | | | | 353 | 353 | 1 |
| 444 | 444 | 1 | | | | | | | 380 | 380 | 1 |
| Total | | 12 | | | | | | | 410 | 410 | 1 |
| | | | | | | | | | 461 | 461 | 1 |
| | | | | | | | | | 479 | 479 | 1 |
| | | | | | | | | | Total | | 16 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 22/16.2.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ പരിശോധിക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണയിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ നാളിതു വരെ പൂർത്തിയായിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മുഴവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 3 സ്ഥാപനങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | നിലവിലെ സ്ഥിതി |
|---|---|---|
| 1 | 1/173 | ഓപ്പറേറ്റർ ഡാറ്റ എൻട്രി തുടങ്ങി |

| | | |
|---|---|---|
| 2 | 1/338 | ഡാറ്റ എൻട്രി തുടങ്ങിയിട്ടില്ല. |
| 3 | 9/ 284 | ഡാറ്റ എൻട്രി തുടങ്ങിയിട്ടില്ല. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 22/16.2.2023) മറുപടി ലഭ്യമാക്കിയില്ല. ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണയത്തിലെ /കളക്ഷനിലെ അപാകങ്ങൾ

1. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് '0' എന്ന് രേഖപ്പെടുത്തിയിട്ടുള്ള വർഷങ്ങളിൽ ചില കെട്ടിടങ്ങൾക്ക് കളക്ഷൻ രേഖപ്പെടുത്തിയിരിക്കുന്നതായി ശ്രദ്ധയിൽപെട്ടു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| Sl No | New Ward No | New Door No | New Sub No | Owner Details | Year | Period |
|---|---|---|---|---|---|---|
| 1 | 6 | 225 | A | രേഖപ്പെടുത്തിയിട്ടില്ല | 2017 | First Half |

2. സഞ്ചയ പ്രകാരം താഴെ കൊടുത്തിരിക്കുന്ന കെട്ടിടത്തിന്റെ കളക്ഷൻ രസീത് വിവരങ്ങൾ ഇല്ലാതെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| Sl No | New Ward No | New Door No | New Sub No | Owner Details | Year | Period | Collection Amount |
|---|---|---|---|---|---|---|---|
| 1 | 15 | 276 | C | ഫ്രാൻസിസ്(അറക്കൽ വീട്, കാക്കശ്ശേരി, കാക്കശ്ശേരി പി ഒ,680511, 9745073955(മൊബൈൽ), എൽസി(അറക്കൽ വീട്, കാക്കശ്ശേരി, കാക്കശ്ശേരി പി ഒ, 680511) | 2015 | Second Half | 137 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 13/16.2.2023) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് മേൽ സൂചിപ്പിച്ച പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തേണ്ടതും ആയതു പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | ഫയൽ നം/അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 14/236 R To Z ,AA To AV (31 കെട്ടിടങ്ങൾ) | മുഹമ്മദാലി,മൊയ്തുട്ടി,ഷംസുദീൻ, ചങ്ങനത്തു ഹൗസ് | SC3-1464/21 21.12.2021 | 1.4.2021-30.9.2021 |
| 2 | 14/236 R To Z & AA To AV (31 കെട്ടിടങ്ങൾ) | മുഹമ്മദാലി,മൊയ്തുട്ടി, ഷംസുദീൻ,ചങ്ങനത്തു ഹൗസ് | SC3-4985/21 18.1.2022 | 1.10.2021-31.3.2022 |
| 3 | 2/ 21 A ,B | ദേവദാസ്,പാറപ്പുറത്തു ഹൗസ് | SC3-4878/21 7.12.2021 | 1.4.2021-30.9.2021 |
| 4 | 1/ 277 | ഷംസുദീൻ, പൗർണമി പാലസ് , | SC3-4390/21 3.11.2021 | 1.4.2021-30.9.2021 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 13/16.2.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ പറഞ്ഞ കെട്ടിടങ്ങളിൽ നിന്ന് ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | സൗമ്യ കെ എം (ഗോൾഡ് BDE) | സി എസ് ബി ചിറ്റാട്ടുകര | ഒന്നാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 2 | കെ സി മഞ്ജു (പ്യൂൺ) | എളവള്ളി സർവീസ് സഹകരണ ബാങ്ക് | ഒന്നാം അർദ്ധവർഷം | 146124 | 1250 | 1000 | 250 |
| 3 | എം വി ശ്രീജ (അപ്രൈസർ) | എളവള്ളി സർവീസ് സഹകരണ ബാങ്ക് | ഒന്നാം അർദ്ധവർഷം | 131970 | 1250 | 1000 | 250 |
| 4 | സി കെ രമേശ് (അപ്രൈസർ) | എളവള്ളി സർവീസ് സഹകരണ ബാങ്ക് | ഒന്നാം അർദ്ധവർഷം | 131970 | 1250 | 1000 | 250 |
| 5 | ജെറോം ബാബു (സെക്രട്ടറി) | ക്ഷീര വ്യവസായ സംഘം ,എളവള്ളി | ഒന്നാം അർദ്ധവർഷം | 157440 | 1250 | 1000 | 250 |
| 6 | ആന്റണി സി സി | ശ്രീഗുരുകുലം കളരിസംഘം | ഒന്നാം അർദ്ധവർഷം | 75000 | 750 | 600 | 150 |
| 7 | സൗമ്യ കെ എം (ഗോൾഡ് BDE) | സി എസ് ബി ചിറ്റാട്ടുകര | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 |
| 8 | ആന്റണി സി സി | ശ്രീഗുരുകുലം കളരിസംഘം | രണ്ടാം അർദ്ധവർഷം | 75000 | 750 | 600 | 150 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 11/16.2.2023)കുറവ് വന്ന തുക ഈടാക്കി അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുറവ് വന്ന നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-17 സാമൂഹ്യ സുരക്ഷാ പെൻഷൻ- അപാകതകൾ

എളവള്ളി ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ / തീയതി | നിലവിലെ സ്റ്റാറ്റസ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | കാലയളവ് | തുക | ആകെ | |
| 1 | അബ്ദുൽ അസീസ് | 107510202171 | വാർദ്ധക്യകാല പെൻഷൻ | 6.4.2021 | 47/2021 22.4.2021 | സസ്പെൻഡ് | 5/21 | 1600 | 1600 | 1600 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 2 | സരോജിനി പി കെ | 107510600284 | വിധവ പെൻഷൻ | 18.6.2021 | 71/2021 6.7.2021 | സസ്പെൻഡ് | 7/21 - 9/21 | 1600 | 4800 | 4800 |
| 3 | കൊച്ചു ത്രേസ്യ തോമസ് | 107510100767 | കർഷക തൊഴിലാളി പെൻഷൻ | 21.4.2021 | 79/2021 12.7.2021 | സസ്പെൻഡ് | 5/21 - 6/21 | 1600 | 3200 | 3200 |
| 4 | കമല എ കെ | 107510100024 | കർഷക തൊഴിലാളി പെൻഷൻ | 19.7.2021 | 86/2021 27.7.2021 | സസ്പെൻഡ് | 8/21 | 1600 | 1600 | 1600 |
| 5 | കാസിം എൻ സി | 107510202576 | വാർദ്ധക്യകാല പെൻഷൻ | 23.6.2021 | 88/2021 28.7.2021 | സസ്പെൻഡ് | 7/21 - 8/21 | 1600 | 3200 | 3200 |
| 6 | യശോദ | 107510200657 | വാർദ്ധക്യകാല പെൻഷൻ | 12.7.2021 | 109/2021 9.9.2021 | സസ്പെൻഡ് | 8/21 - 9/21 | 1600 | 3200 | 3200 |
| 7 | നാരായണൻ | 107510202268 | വാർദ്ധക്യകാല പെൻഷൻ | 27.9.2021 | 134/2021 30.10.2021 | സസ്പെൻഡ് | 10/21 | 1600 | 1600 | 1600 |
| 8 | ഹലീമ ബീവി എം പി | 107510601088 | വിധവ പെൻഷൻ | 10.10.2021 | 153/2021 30.11.2021 | സസ്പെൻഡ് | 11/21 | 1600 | 1600 | 1600 |
| 9 | ചന്ദ്രൻ | 107510200286 | വാർദ്ധക്യകാല പെൻഷൻ | 15.1.2021 | 173/2021 20.12.2021 | സസ്പെൻഡ് | 12/21 | 1600 | 1600 | 1600 |
| 10 | പദ്മനാഭൻ നായർ | 107510202114 | വാർദ്ധക്യകാല പെൻഷൻ | 4.11.2021 | 5/2 11.1.22 | സസ്പെൻഡ് | 12/21 - 8/22 | 1600 | 14400 | 14400 |
| ആകെ അധികം നൽകിയ തുക | | | | | | | | | | 36800 |

3. ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ 2021-22 വർഷത്തെ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ എളവള്ളി പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് മറ്റു പ്രാദേശിക സർക്കാർ/ക്ഷേമനിധി ബോർഡ് മുഖേന മരണശേഷവും പെൻഷൻ നൽകിയിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം | പേര് | പെൻഷൻ ഐ ഡി | പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നമ്പർ /തീയതി | നിലവിലെ സ്റ്റാറ്റസ് | പ്രാദേശിക സർക്കാർ/ ക്ഷേമനിധി ബോർഡ് | അനർഹമായി പെൻഷൻ വിതരണം ചെയ്തതിന്റെ വിവരം | | | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | കാലയളവ് | തുക | ആകെ | |
| 1 | മേരി സി കെ | 102000202101 | വാർദ്ധക്യ കാല പെൻഷൻ | 6.4.2021 | 49/2021 22.4.2021 | സസ്പെൻഡ് | ചാവക്കാട് നഗരസഭ | 5/21 - 8/21 | 1600 | 6400 | 6400 |
| 2 | തങ്ക പി കെ | 107480100544 | കർഷക തൊഴിലാളി പെൻഷൻ | 14.6.2021 | 72/2021 6.7.2021 | സസ്പെൻഡ് | കൈപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | 7/21 - 8/21 | 1600 | 3200 | 3200 |
| 3 | കമാരൻ | 107170100190 | കർഷക തൊഴിലാളി പെൻഷൻ | 9.6.2021 | 74/2021 6.7.2021 | സസ്പെൻഡ് | ഗുരുവായൂർ നഗരസഭ | 7/21 - 12/21 | 1600 | 9600 | 9600 |
| 4 | വാസു | 107540100084 | കർഷക തൊഴിലാളി പെൻഷൻ | 27.6.2021 | 133/2021 29.10.2021 | ആക്ടീവ് | വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്ത് | 7/21 - 11/22 | 1600 | 27200 | 27200 |
| 5 | വാസുദേവൻ | 101700213393 | വാർദ്ധക്യ കാല പെൻഷൻ | 14.6.2021 | 155/2021 2.12.2021 | സസ്പെൻഡ് | തൃശ്ശൂർ കോർപറേഷൻ | 7/21 - 1/22 | 1600 | 11200 | 11200 |
| 6 | രാമകൃഷ്ണൻ കെ വി | 2220278422 | ക്ഷേമനിധി ബോർഡ് പെൻഷൻ, കർഷക പെൻഷൻ ഫോർ സ്മാൾ & മാർജിനൽ ഫാർമേഴ്സ് | 30.11.2021 | 168/2021 20.12.2021 | ആക്ടീവ് | Agriculture Office, Elavally | 12/21 - 11/21 | 1600 | 19200 | 19200 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 7 | ജാനകി | 107540100120 | കർഷക തൊഴിലാളി പെൻഷൻ | 29.1.2022 | 43/2022 25.3.2022 | ആക്ടീവ് | വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്ത് | 2/22 - 11/22 | 1600 | 16000 | 16000 |
| | ആകെ അധികം നൽകിയ തുക | | | | | | | | | | 92800 |

ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിൽ അവരുടെ മരണശേഷവും നിക്ഷേപിച്ച പെൻഷൻ തുക, പിൻവലിച്ചിട്ടുണ്ടോ എന്ന വിവരം പരിശോധിക്കപ്പെട്ടിട്ടില്ല. ഓഡിറ്റിന് ഹാജരാക്കിയ പല മരണറിപ്പോർട്ടുകളിലും ആധാർകാർഡിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ മരണപ്പെട്ട എല്ലാ പെൻഷൻ ഗുണഭോക്താക്കളുടേയും വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. എളവള്ളി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരം മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 12/15.2.2023) മറുപടി ലഭ്യമാക്കിയില്ല.

സർക്കാരിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്.)നം.97/2020/ധന ഉത്തരവ് ഖണ്ഡിക സി(12) പ്രകാരം മരണപെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അംഗനവാടി /ആശാ വർക്കർമാർ മുഖാന്തരം ശേഖരിച്ച അതാത് മാസം പെൻഷൻ ഡാറ്റ ബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ധനകാര്യവകുപ്പിന്റെ 05.11.20 ലെ സർക്കുലർ നമ്പർ 67/20 പ്രകാരം മരണപ്പെട്ടവരേയും മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടായാൽ പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്നും ഈടാക്കുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എളവള്ളി ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതും എന്നാൽ, മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പററുന്നവരുമായവരുടെ വിവരം അതാത് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അറിയിക്കേണ്ടതും എളവള്ളി ഗ്രാമപഞ്ചായത്തിൽ അനർഹമായി നൽകിയ 36800/- രൂപ എത്രയും വേഗം തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ അർഹരായ ഗുണഭോക്താക്കൾ മാത്രമാണ് ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതു സംബന്ധിച്ചുള്ള റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-18 ടെണ്ടർ ഫോം വില്പന വരവ് - പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികളുമായി ബന്ധപ്പെട്ട് ടെണ്ടർഫോം വില്പന ഇനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള എസ് ബി ഐ അക്കൗണ്ടിൽ ( അക്കൗണ്ട് നം - 37742653431) വരവ് വന്നിട്ടുള്ള 373789 ( 13.1.23 വരെയുള്ള വരവ് ) രൂപ തനത് ഫണ്ടിൽ അടവാക്കിയിട്ടില്ല. ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 9/15.2.23)

## 1-19 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായി തുക കൈമാറിയത്- യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

08.06.2015 ലെ സ.ഉ. (എം.എസ്) നം. 188/15/തസ്വഭവ പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ പെർഫോമൻസ് ഓഡിറ്റ് സംവിധാനം നവീകരിക്കുന്നതിന് കൂടുതൽ നിർദ്ദേശങ്ങൾ നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓരോ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന്റെയും പ്രവർത്തനങ്ങൾക്കായി യൂണിറ്റിന് കീഴിൽ വരുന്ന എല്ലാ ഗ്രാമ പഞ്ചായത്തുകളും വർഷം തോറും 10,000 രൂപാ വീതം നീക്കി വെയ്ക്കണം എന്നും പ്രസ്തുത തുക പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഈ ആവശ്യത്തിനായി ആരംഭിക്കുന്ന ദേശസാൽകൃത ബാങ്കിന്റെ അക്കൗണ്ടിലേക്ക് കൈമാറേണ്ടതാണെന്നും ഉത്തരവ് വ്യവസ്ഥപ്പെടുത്തിയിരുന്നു.

ഈ തുക സ്റ്റോർ പർച്ചേയ്സ് മാനവൽ നിബന്ധനകൾ അനുസരിച്ച് കമ്പ്യൂട്ടർ, ഫർണീച്ചർ, ഓഫീസ് സ്റ്റേഷനറി, ഇന്റർനെറ്റ് സംവിധാനം, പ്രതിമാസ നെറ്റ്ചാർജ്ജ് എന്നിവയ്ക്കായി ചെലവ് ചെയ്യാവുന്നതാണ്. പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ ഈ തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തുകൾക്ക് നൽകാനും ഉത്തരവ് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്.

16.02.18 ലെ സ.ഉ(സാധാ)നം. 475/18/തസ്വഭവ പ്രകാരം അക്കൗണ്ടന്റ് കം ഐ.ടി എക്സ്പേർട്ട്മാരുടെ സേവനത്തിനുള്ള വിഹിതമായി 20000 രൂപ അനുവദിക്കാനും ഉത്തരവായിരുന്നു.

പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറുടെ 23.7.21 ലെ എ1/209/18കത്ത് പ്രകാരം 2019-20 വർഷത്തെ 20000രൂപയും 2020-21വർഷത്തെ 30000രൂപയും ഉൾപ്പെടെ 50000രൂപ അടവാക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2019-20വർഷത്തെ 20000രൂപ വൗച്ചർ നം -22100430/17.8.21 പ്രകാരവും 2020-21 വർഷത്തെ 30000രൂപ 22101016/24.1.22 പ്രകാരവും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് കൈമാറിയിട്ടുണ്ട്. കൈമാറിയ തുകക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറിൽ നിന്നും ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-20 സാക്ഷരതാ പ്രേരക്മാരുടെ ഓണറേറിയം - തുക തിരികെ ലഭ്യമാക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് ( സാധാ) നം - 626/2021/ തസ്വ ഭ വ തി. 26.2.21പ്രകാരം കേരള സംസ്ഥാന സാക്ഷരത മിഷനിലെ പ്രേരക്മാരുടെ ഡിസംബർ 2020 മുതലുള്ള ഓണറേറിയം സാക്ഷരത മിഷൻ പിന്നീട് പ്രസ്തുത തുക തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നൽകണമെന്ന വ്യവസ്ഥയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരുന്നു. ആയത് പ്രകാരം സാക്ഷരത മിഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരമുള്ള തുകകൾ പ്രേരകുമാരുടെ ഓണറേറിയം ഇനത്തിൽ തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

| മാസം | വൗച്ചർ നം /തിയതി | തുക | പ്രേരകുമാരുടെ വിവരം |
|---|---|---|---|

| | | | |
|---|---|---|---|
| 1/2021 | 22100027/12.4.21 | 24288 | പ്രീതി - 8832<br>അജിത-7728<br>വിബിൻ-7728 |
| 2/2021 | 22100154/21.5.21 | 23952 | പ്രീതി - 8832<br>അജിത-7728<br>വിബിൻ-7392 |
| 3/2021 | 22100234/14.6.21 | 26016 | പ്രീതി - 9216<br>അജിത-8400<br>വിബിൻ-8400 |

മേൽ പ്രകാരം അനുവദിച്ച തുക കേരള സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി - 20/16.2.23).

## 1-21 കണ്ടിജൻസി ചെലവുകൾക്ക് അഡ്വാൻസ് അനുവദിച്ചത് - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

കണ്ടിജൻസി ചെലവുകൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് താഴെപ്പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും അഡ്വാൻസ് ആയി അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

| വൗച്ചർ നം /തിയതി | തുക | തുക അനുവദിച്ചത് |
|---|---|---|
| 22100165/1.6.21 | 69485 | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 22100160/25.5.21 | 20000 | അസിസ്റ്റന്റ് എഞ്ചിനീയർ |

ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ 89485രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻക്വയറി - 21/16.2.23) .

## 1-22 ആശ്രയ പദ്ധതി - തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആശ്രയ പദ്ധതി ( 101/22) ൽ 25000രൂപ വികസന ഫണ്ടിൽ നിന്നും വൗച്ചർ നം 22101463/3.2.22 പ്രകാരം ആശ്രയയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഈ തുക ചെലവഴിച്ചിട്ടില്ല. കൂടാതെ 2020-21 വർഷത്തിൽ അനുവദിച്ച 200000 ഉൾപ്പെടെ 225000 രൂപ നീക്കിയിരിപ്പുള്ളതിൽ 100000രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 150000രൂപ ആശ്രയ അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്നുണ്ട്. തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-23 മരുന്നുകൾ ലഭ്യമായിട്ടില്ല

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, പിഎച്ച് സി നടപ്പിലാക്കിയ പദ്ധതികളിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ പദ്ധതികളുടെ ഭാഗമായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക കൈമാറിയതിൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം / പേര് | പ്രോഫോർമ ഇൻവോയ്സ് | ബിൽ നം /ചെക്ക് നം/വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 265/22<br>സാന്ത്വന പരിചരണം - വൃദ്ധർക്ക് പോഷകാഹാരം, മരുന്ന് മുതലായവ നല്കൽ | PRF 5764 / 15.02.2022 | Vr.22101494/ 17.02.2022 | 100000 | മരുന്ന് ലഭ്യമായിട്ടില്ല |
| 2 | 235/22<br>കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ | PRF 4844 /17.01.2022 | Vr.22101467/ 03.02.2022 | 200000 | ഈ പ്രോജക്ട് പ്രകാരം 400000/- രൂപ വകയിരുത്തിയിട്ടുള്ളതിൽ 200000 രൂപയുടെ മരുന്നുകൾ നീതി മെഡിക്കൽ സ്റ്റോറിൽനിന്നും |

| | | | | | |
|---|---|---|---|---|---|
| | | | | | (പ്രോജക്റ്റ് പ്രകാരം) വാങ്ങിയിട്ടുള്ളതാണ്. |

2. പദ്ധതി നം : 08/22 സാന്ത്വനപരിചരണം
വൗച്ചർ നം. 22101497/ 21.2.2022 – 87999/-
പ്രഫോർമ്മ ഇൻവോയ്സ് നം. PRF 5690/14.2.22പ്രകാരം ലഭ്യമായിട്ടുള്ള 87999/- രൂപയുടെ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ(MRC Report)/ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.
മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.7/14.02.2023)

## 1-24 പോത്തുകുട്ടിയെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ
പ്രോജക്ട് നമ്പർ:48/22 പോത്തുകുട്ടി വിതരണം (വനിത)
അടങ്കൽ :320000/-
ചെലവ് :320000/-
വൗച്ചർ നം.22101391/തീ.22.10.2021 -35000/-, വൗച്ചർ നം.22101412/തീ.24.11.2021 -35000/-,
വൗച്ചർ നം.22101425/തീ. 21.12.2021 -40000/- , വൗച്ചർ നം.22101489/തീ.15.02.2022 – 25000/-
വൗച്ചർ നം.22101501/തീ.24.02.2022 -25000/-
ഗുണഭോക്തൃ വിഹിതം -160000/-

താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകിയ പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഇല്ല.
1. നീന 2.ദീപ സുരേന്ദ്രൻ 3.ബിൻസു സി എസ് 4.ജുമൈല 5. പ്രേമ
(വൗച്ചർ നം.22101501/തീ.24.02.2022 -25000/-പ്രകാരമുള്ളത്)
1. നസീറ 2.സുനിത ഗണേശൻ 3.സന്ധ്യ ഷാജി 4.തങ്ക വാസു 5.ഷൈലാ ബീഗം 6.വിനീത 7.വിജയ 8.രമ പ്രകാശൻ
(വൗച്ചർ നം.22101425/തീ. 21.12.2021 -40000/-പ്രകാരമുള്ളത്)
ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാണെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/16.02.2023) ഗുണഭോക്താക്കളുടെ കൈവശം ഇൻഷ്വർ രേഖകൾ ഉണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.
പോത്തുകുട്ടികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-25 കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ
45/22- കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ : 2000000/-
ചെലവ് : 5,00,000/- (വികസന ഫണ്ട്(ജനറൽ))
വൗച്ചർ നം.22101389/ തീ. 21.10.2021

മേൽ പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് 6250/-രൂപ നിരക്കിൽ 80 ഗുണഭോക്താക്കൾക്കായി 5,00,000/- രൂപ SLBP ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ പ്രോജക്ടിലെ ഗുണഭോക്താക്കളായ രജിത പ്രദീപ്കുമാർ പത്തു തവണയും, മനോജ് പാണിയത്ത് പത്ത് തവണയും, അനൂപ് വാളുക്കാട്ട് ആറ് തവണയും മാത്രമേ കന്നുകാലിത്തീറ്റ കൈപ്പറ്റിയിട്ടുള്ളു (എളവള്ളി ക്ഷീര സഹകരണസംഘം വ്യക്തിഗത നാൾവഴി രജിസ്റ്റർ പേജ് നം യഥാക്രമം 37,39, 62)

മേൽ ഗുണഭോക്താക്കൾക്ക് അടവാക്കിയ സബ്സിഡി തുകയിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി (നം.25/16.02.2023) മുഖേന ആവശ്യപ്പെട്ടിരുന്നു. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതാണ് എന്നും ടി പദ്ധതി പ്രകാരമുള്ള 3 ഗുണഭോക്താക്കളും പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് തീറ്റ കൈപ്പറ്റിയിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് അടവാക്കിയ സബ്സിഡി തുകയിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് ഡെപ്യൂട്ടി ഡയറക്ടർ എസ്.എൽ.ബി.പി. തൃശ്ശൂർ-നെ അറിയിച്ചിട്ടുണ്ട് എന്നും മറുപടി നല്കിയിട്ടുണ്ട്.
പ്രൊജക്ടുകൾ പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും മേൽ ഗുണഭോക്താക്കൾക്ക് അടവാക്കിയ സബ്സിഡി തുകയിൽ അവശേഷിക്കുന്ന തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-26 വി.ഇ.ഒ.(ബ്രഹ്മകുളം സർക്കിൾ)-പദ്ധതി അപാകങ്ങൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബ്രഹ്മകുളം സർക്കിൾ)
പ്രോജക്റ്റ് : 276/22-വ്യക്തിഗത ശുചിമുറി നിർമ്മാണം
അടങ്കൽ : 240000/-

ചെലവ് : 240000/-
ഫണ്ട് : സംസ്ഥാനാവിഷ്കൃത ഫണ്ട്
വൗച്ചർ നം. 22101275/തീ.26.03.2022 -12000/-,
വൗച്ചർ നം. 22101287/തീ.30.03.2022 – 132000,
വൗച്ചർ നം. 22101317/തീ 31.03.2022-60000/-,
വൗച്ചർ നം. 22101322 / തീ. 31.03.2022-36000/-

(I) ലൈഫ് മിഷൻ പദ്ധതിയിൽ ഭവന നിർമ്മാണത്തിന് നൽകുന്ന നാലുലക്ഷം രൂപക്ക് ഉപരിയായി ടോയ്‌ലറ്റ് നിർമാണത്തിന് ശുചിത്വ മിഷനുമായി യോജിച്ച് ഗ്രാമീണമേഖലയിൽ പന്ത്രണ്ടായിരം രൂപ നല്കുന്നതു സംബന്ധിച്ച സ.ഉ.(സാധാ)നം.292/2019/ത.സ്വ.ഭ.വ./തീ.11.02.2019 പ്രകാരം ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതിയുടെ ഗുണഭോക്താക്കൾക്കാണോ ടി പദ്ധതി പ്രകാരം തുക അനുവദിച്ചിട്ടുള്ളത് എന്ന വിവരം അറിയിക്കേണ്ടതാണ്.

(Ii) താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡിന്റെ പകർപ്പ് പ്രകാരം അവരുടെ സ്വന്തം പഞ്ചായത്ത് എളവള്ളി പഞ്ചായത്ത് അല്ല.

| ക്രമ നമ്പർ | ഗുണഭോക്താവ് | റേഷൻ കാർഡ് പ്രകാരം പഞ്ചായത്ത് |
|---|---|---|
| 1 | ഷീല ശങ്കരു പറക്കാട് | പാവറട്ടി |
| 2 | സുമ ബാബുരാജ് പെരിങ്ങാട്ട് | വെങ്കിടങ്ങ് |

മേൽ ഗുണഭോക്താക്കൾക്ക് മേൽ പഞ്ചായത്തിൽ വാസയോഗ്യമായ ഗൃഹമില്ല എന്നതും ഇതേ ആവശ്യത്തിലേക്കായി ആനുകൂല്യങ്ങൾ നൽകിയിട്ടില്ല എന്നതും ഉറപ്പാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 23/16.02.2023)

## 1-27 ദുരിതാശ്വാസ നിധി രൂപീകരണം സംബന്ധിച്ച്

2003-ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്.

ചട്ടം 4(3)പ്രകാരം നിധിയിലേക്ക് ധനം സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കുന്നതിനും തീരുമാനം എടുക്കുന്നതിനുമായി പ്രസിഡന്റും, ഗ്രാമപഞ്ചായത്തംഗങ്ങൾക്കിടയിൽനിന്ന് തെരഞ്ഞെടുക്കുന്ന ഒരംഗവും സെക്രട്ടറിയുമടങ്ങുന്ന പഞ്ചായത്തിന്റെ ഒരു സബ്കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും പ്രസിഡന്റ് പ്രസ്തുത കമ്മിറ്റിയുടെ ചെയർമാനും സെക്രട്ടറി കൺവീനറുമായിരിക്കുന്നതുമാണ്.

നിധിയുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിൽ മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/07.02.23)മറുപടി നൽകിയിട്ടുണ്ട്.

ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന തരത്തിൽ സബ്ക്കമ്മിറ്റി രൂപീകരിച്ചിട്ടില്ലെന്നും പകരം പഞ്ചായത്ത് കമ്മിറ്റി തന്നെയാണ് സബ്ക്കമ്മിറ്റിയായി പ്രവർത്തിച്ചതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. എന്നാൽ, സബ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അജണ്ട 14.02.23ലെ ജനറൽ കമ്മിറ്റിയിൽ ചേർത്തിട്ടുണ്ടെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത് ക്രിയാത്മകമായ നടപടിയായി കാണുന്നു.

ദുരിതാശ്വാസനിധിക്കായി യൂണിയൻ ബാങ്ക് പാവറട്ടി ശാഖയിൽ അക്കൗണ്ട് തുടങ്ങിയിട്ടുണ്ട് (നം.565102010026023). അക്കൗണ്ട് വിവരങ്ങൾ പരിശോധിച്ചതിൽ നിന്നും നിധിയുടെ പ്രവർത്തനം തൃപ്തികരമാണ്. സാമ്പത്തിക വർഷത്തിൽ അപേക്ഷകളൊന്നും തന്നെ ലഭിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം 83,470രൂപ നീക്കിയിരിപ്പുണ്ട്.

നിയമത്തിലെ ലക്ഷ്യങ്ങൾക്കനുസൃതമായി പഞ്ചായത്തിലെ നിർദ്ധനരായ വ്യക്തികൾക്ക് ഗുണകരമാകുന്ന തരത്തിൽ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

## 1-28 അനർഹനായ വ്യക്തിക്ക് കട്ടിൽ നൽകി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ [സ.ഉ.(കൈ)22/2018/തസ്വഭവ തീ 14.02.2018] ഖണ്ഡിക7.1.13(2)പ്രകാരം, വയോജന സൗഹൃദ പരിപാടിയിൽ ഉൾപ്പെടുത്തി 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് നിശ്ചിത സവിശേഷതകളുള്ള കട്ടിൽ നൽകാവുന്നതാണ്. ARTCO Ltd.ൽ നിന്നും ഒരു കട്ടിലിന് 4200 രൂപ നിരക്കിൽകട്ടിലുകൾ വാങ്ങിയതിന് താഴെ കൊടുത്ത വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നം./തീയ്യതി | വൗച്ചർ നം./തീയ്യതി | തുക |
|---|---|---|
| 221/06.02.22 | 22101447/11.01.22 | 1,38,587 |

| | | |
|---|---|---|
| 574/26.02.22 | 22101518/14.03.22 | 1,55,400 |

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും മാർഗ്ഗരേഖക്ക വിരുദ്ധമായി 60 വയസ്സ് കഴിയാത്ത താഴെ കൊടുത്ത വ്യക്തിക്ക് കട്ടിൽ നൽകിയതായി കാണുന്നു.

രാജൻ T.S. താഴത്തുമഠത്തിൽ,

വാക, എളവള്ളി

ആധാർ നം.7518 5840 0378

ആധാർ പ്രകാരം ജനിച്ച വർഷം - 1967

ഈ വിഷയത്തിലുള്ള മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/15.02.23)ഗുണഭോക്താവിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തുക (4200രൂപ) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 ധനവിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22സാമ്പത്തികവർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ ധനവിനിയോഗ/പൂർത്തീകരണസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികളെടുക്കേണ്ടതാണ്.

| | പദ്ധതി | തുക | വൗച്ചർ നം./ തീയ്യതി |
|---|---|---|---|
| 1 | IKM വിഹിതം നൽകൽ (So 094/22) | 84,724 | 22101331/26.07.21 22101517/14.03.22 |
| 2 | കാൻ തൃശ്ശൂർ - ജില്ലാ പഞ്ചായത്തിന് വിഹിതം കൈമാറൽ (So 283/22) | 80,000 | 22101521/15.3.22 |

## 1-30 സ്ഥലം വാങ്ങൽ-അനുവദനീയ പരിധിക്കു പുറത്ത് തുക ചെലവഴിച്ചു

2019-20 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്തതും 2021-22ൽ സെക്രട്ടറി നിർ.ഉദ്യോഗസ്ഥനായി നടപ്പാക്കിയതുമായ LIFE ഭവന പദ്ധതിക്കായി സ്ഥലം വാങ്ങൽ എന്ന പദ്ധതിക്കായി താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ/ചെക്ക് നം./തീയ്യതി | തുക | ഉദ്ദേശ്യം |
|---|---|---|
| 22101567/26.03.22 | 7500 | എഴുത്ത് കൂലി |
| 4847335/25.03.22 | 56,00,000 | സ്ഥലത്തിന്റെ വില |
| 4847334/25.03.22 | 56,00,000 | സ്ഥലത്തിന്റെ വില |
| 22101558/23.03.22 | 2,73,400 | സ്ഥലത്തിന്റെ വില |
| 22101559/23.03.22 | 2,73,400 | സ്ഥലത്തിന്റെ വില |
| ആകെ | 1,17,54,300 | |

ഇതിൽ എഴുത്ത് കൂലിയിനത്തിൽ ചെലവായ 7500 രൂപ ഒഴികെ 1,17,46,800 രൂപ സ്ഥലത്തിന്റെ വിലയായി ഉടമകൾക്ക് നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ വിഷയങ്ങളിലുള്ള മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.14/15.02.23)നൽകിയതിന് മറുപടി ലഭിക്കുകയുണ്ടായില്ല.

G.O.(Ms)No.280/2007/LSGD Dt.31.12.2007 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതു ആവശ്യത്തിന് ഭൂമി വിലക്കു വാങ്ങുന്നതിന് അനുവദനീയമായ തുകയുടെ പരിധി 1 കോടി രൂപയാണെന്നിരിക്കെ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പരിധിയിൽ കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്യുകയും 2021-22വർഷത്തിൽ തുക ചെലവഴിക്കുകയും ചെയ്ത ഈ പദ്ധതിയുടെ തുടർച്ചക്കായി 2022-23 വർഷത്തിൽ പദ്ധതികളെന്തെങ്കിലും വിഭാവനം ചെയ്തിട്ടുണ്ടോ എന്ന അന്വേഷണത്തിനും പ്രതികരണമുണ്ടായില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ {സ.ഉ.(കൈ)നം.11/2018/തസ്വഭവ തീ.29.01.2018} പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ ഒന്ന് ഭൂരഹിതരും ഭവനരഹിതരും അഗതികളും ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതാണ്. ആസൂത്രണം എന്നത് ഒരു തുടർ പ്രക്രിയയാണ് എന്നതിനാൽ തന്നെ ഇത്തരത്തിലുള്ള പദ്ധതികൾക്ക് ആവശ്യമായ തുടർ പദ്ധതികൾ ഉണ്ടായില്ലെങ്കിൽ ആസൂത്രണം പാതി വഴിയിൽ നിലച്ചുപോകുന്ന അവസ്ഥ സംജാതമാകുമെന്നതിനാൽ ആവശ്യമായ നടപടികളെടുക്കേണ്ടതാണ്.

സർക്കാർ ഉത്തരവിനു വിരുദ്ധമായി അധിക തുക ചെലവഴിച്ചതിനാൽ ചെലവു തുക 1,17,54,300രൂപ സർക്കാർ അനുമതി ലഭിക്കുന്നതുവരേക്ക് തടസ്സത്തിൽ വെക്കുന്നു.

## 1-31 തുക നൽകിയിട്ടും ലാപ്ടോപ്പ് ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണഉദ്യോഗസ്ഥനായ, പഞ്ചായത്ത് പ്രസിഡന്റിന് ലാപ്പ്ടോപ്പ് (So 218/22) എന്ന പദ്ധതിക്കായി വൗച്ചർ നം.22100664/27.10.21 പ്രകാരം 50,878രൂപ KELTRONന് നൽകിയിട്ടുണ്ട്. ലാപ്പ്ടോപ്പ് ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/16.2.23) ലാപ്ടോപ്പ് സ്റ്റോക്കില്ലാത്തതിനാൽ വിതരണം നടത്താൻ KELTRONന് സാധിക്കാത്തതിനാൽ തുക തിരികെ അടവാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതിയതായി മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ ലഭിക്കുന്നതുവരേക്ക് 50,878രൂപ തടസ്സത്തിൽ വെക്കുന്നു.

### 1-32 നിർവ്വഹണോദ്യോഗസ്ഥനെ സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി തീരുമാനിച്ചു

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 18.08.21 ലെ 2(17)നം. തീരുമാനപ്രകാരം ശ്മശാനത്തിന് അധിക ചേമ്പർ (So 156/22)എന്ന പദ്ധതി ഉപേക്ഷിക്കുവാനും ക്രിമിറ്റോറിയത്തിൽ പുതിയ ചേമ്പർ, ചിമ്മിനി, അനുബന്ധ ഘടകങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി(SO 225/22) 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും ഏകകണ്ഠമായി തീരുമാനിച്ചതിനെ തുടർന്ന് സെക്രട്ടറി നിർ.ഉദ്യോഗസ്ഥനായി പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. തുടർന്ന് വൗച്ചർ നം.XVFC/2021-22/P/14/26.3.22 പ്രകാരം 23,53,200 രൂപ ESSCO Furnaces, Chennai എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് Part Bill മാത്രമാണ് സ്ഥാപനത്തിന് നൽകിയിരിക്കുന്നതെന്നതിനാലും തുടർപദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ രൂപീകരിച്ചിട്ടുണ്ട് എന്നതിനാലും പ്രാഥമിക വിലയിരുത്തൽ മാത്രമാണ് നടത്തിയിരിക്കുന്നത്.

സ.ഉ.((സാധാ)നം.764/18/തസ്വഭവ തീ.21.03.18 പ്രകാരം സിവിൽ പാർട്ടും മെക്കാനിക്കൽ പാർട്ടും ഉൾപ്പെടുന്ന ക്രിമിറ്റോറിയം നിർമ്മിക്കുന്ന പ്രൊജക്ടുകൾ ബന്ധപ്പെട്ട തദ്ദേശഭരണ എൻജിനിയർ തന്നെ നിർവ്വഹണം നടത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി സെക്രട്ടറി നിർ.ഉദ്യോഗസ്ഥനായി ക്രമിറ്റോറിയത്തിൽ പുതിയ ചേമ്പർ, ചിമ്മിനി, അനുബന്ധ ഘടകങ്ങൾ സ്ഥാപിക്കൽ (So 225/22) എന്ന പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(17/16.2.23) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

യുക്തിഭദ്രമായ മറുപടി ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അനർഹനായ വ്യക്തിക്ക് കട്ടിൽ നൽകി

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ-സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ [സ.ഉ.(കൈ)22/2018/തസ്വഭവ തീ 14.02.2018] ഖണ്ഡിക7.1.13(2)പ്രകാരം, വയോജന സൗഹൃദ പരിപാടിയിൽ ഉൾപ്പെടുത്തി 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് നിശ്ചിത സവിശേഷതകളുള്ള കട്ടിൽ നൽകാവുന്നതാണ്. ARTCO Ltd.ൽ നിന്നും ഒരു കട്ടിലിന് 4200 രൂപ നിരക്കിൽകട്ടിലുകൾ വാങ്ങിയതിന് താഴെ കൊടുത്ത വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നം./തീയ്യതി | വൗച്ചർ നം./തീയ്യതി | തുക |
|---|---|---|
| 221/06.02.22 | 22101447/11.01.22 | 1,38,587 |
| 574/26.02.22 | 22101518/14.03.22 | 1,55,400 |

പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്നും മാർഗ്ഗരേഖക്കു വിരുദ്ധമായി 60 വയസ്സ് കഴിയാത്ത താഴെ കൊടുത്ത വ്യക്തിക്ക് കട്ടിൽ നൽകിയതായി കാണുന്നു.

രാജൻ T.S. താഴത്തുമഠത്തിൽ,

വാക, എളവള്ളി

ആധാർ നം.7518 5840 0378

ആധാർ പ്രകാരം ജനിച്ച വർഷം - 1967

ഈ വിഷയത്തിലുള്ള മറുപടി നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/15.02.23)ഗുണഭോക്താവിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്താവിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തുക (4200രൂപ) ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 2021-22 | 6,00,000 | ലൈഫ് ഭവന പദ്ധതി | 5,00,000 | 1,00,000 |
| തൃശ്ശൂർ കോർപ്പറേഷൻ | 2021-22 | 5729240 | ഇന്ദ്രാംചിറ സംരക്ഷണം | 4472340 | 1256900 |

ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 സ്ഥിര നിക്ഷേപം

| | | | |
|---|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 13800/- | |
| 2 | തൻവർഷം നിക്ഷേപിച്ച തുക | 0 | |
| 3 | ആകെ | 13800/- | |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | 0 | |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13800/- | |
| 6 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം | നിക്ഷേപത്തിന്റെ വിവരം | തുക |
| | | കേരള റൂറൽ എംപ്ലോയ്മെൻറ് ആൻറ് വെൽഫെയർ സൊസൈറ്റി നം.89 തിയ്യതി 05/07/2021 | 5000/- |
| | | തൃശ്ശൂർ ജില്ലാ സഹകരണ സ്പിന്നിംഗ് മിൽ വാഴാനി(ഷെയർ) 226/14/11/88 | 1000/- |
| | | പി പി ദേവസ്സി ഷഷ്ഠി പൂർത്തി സ്മാരക എൻഡോവ്മെൻറ് FDR No. 102140010054190 | 7000 |
| | | പി കെ ബാലകൃഷ്ണന് റിട്ടയർമെൻറ് സ്മാരക എൻഡോവ്മെൻറ് FDR No. 102140010054190 | 800 |
| | | ആകെ | 13800/- |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | തൻ വർഷം അനുവദിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി (KURDFC Loan) | 880000 | 5850335 | 1020465 | | 5709870 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | Audit Recovery Para 2.4 LF Report | 5300.00 | ഫല വൃക്ഷങ്ങളുടെ ലേലം കുടിശ്ശിക, ബേബി എൻ.കെ | 1210105082, 31/12/2021 |
| 2016-17 | Lf Audit Objection No.2-3(2) Recovery Amt. | 700.00 | പി കെ ഫ്രാൻസിസ്, പോന്നോർ ഹാർഡ്വെയേഴ്സ് & ഇലക്ട്രോണിക്സ് | 1210105978, 03/02/2022 |
| 2016-17 | Lf Audit Objection No.2-3(3) Recovery Amt. | 1600.00 | പി കെ ഫ്രാൻസിസ്, പോന്നോർ ഹാർഡ്വെയേഴ്സ് & ഇലക്ട്രോണിക്സ് | 1210102979, 03/02/2022 |
| 2018-19 | Audit Objection No.1-17 Recovery Amt. | 360.00 | അയൂബ് ആർ വി, രായംമരക്കാർ വീട്ടിൽ, ലൈസൻസ്ഡ് സൂപ്പർവൈസർ | 1210106259, 10/02/2022 |
| 2019-20 | Lf Audit Objection Para 1-17 | 5500.00 | സുനിൽകുമാർ കെ കെ, കരുമത്തിൽ വീട്, | 1210107005. 28/02/2022 |

## 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-6 | | | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കിയിട്ടില്ല | ഖണ്ഡിക നിലനിൽക്കുന്നു. നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ ടവറുകൾക്കും വസ്തുനികുതി ഈടാക്കി വരുന്നുണ്ട്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 11,88,60,282.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,17,43,404.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 11,894,663 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 4200 | പി . ജയചന്ദ്രൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 4200 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 89485 | തോമാസ് അലിയാസ് രാജൻ, സെക്രട്ടറി |
| 1-30 | 1,17,54,300 | തോമാസ് അലിയാസ് രാജൻ, സെക്രട്ടറി |
| 1-31 | 50878 | തോമാസ് അലിയാസ് രാജൻ, സെക്രട്ടറി |
| ആകെ | 11,894,663 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.ജയചന്ദ്രൻ അസി.സെക്രട്ടറി(റിട്ടയേർഡ്) | വിരമിച്ചു. | സായി നിവാസ് പണ്ടാരത്തിൽ വീട് കാക്കശ്ശേരി പി ഒ |
| തോമാസ് അലിയാസ് രാജൻ, സെക്രട്ടറി | സെക്രട്ടറി, പോർക്കളം ഗ്രാമപഞ്ചായത്ത് | മാറോക്കി വീട്, മറ്റം പി.ഒ. തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ ആകെ എണ്ണം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | റിമാർക്സ് (CAR/CASE /CH/SCH) |
|---|---|---|---|---|---|
| 1 | 1998-99 വരവ് | LFT.15-1236/04 Dt.14.2.05/1.7.05 | 2 | 2-2, 2-3 | |
| 2 | 1998-99 | LFT.15-1041/2000 Dt.7.11.2000 | 4 | 32, 37, 45, 56 | |
| 3 | 1999-2000 To 2001-02 | LFT.15-1016/04 Dt.16.4.04/17.7.04 | 10 | 8,9 | |
| | | | | 20 | സർചാർജ്ജ് |
| | | | | 21 | സർചാർജ്ജ് |

| | | | | | |
|---|---|---|---|---|---|
| | | | | 22, 23, 25, 26, 27, 28 | |
| 4 | 2002-03 | LFT.15-1052/08 Dt.5.6.10 | 5 | 3-3, 3-4, 3-5, 3-7, 3-9 | |
| 5 | 2003-04 | LFT.15-1053/08 Dt.21.04.10/5.6.10 | 8 | 3-1,3-2,3-4,3-5,3-6, 3-7(1), 3-8(2,4,5), 3-9(1), 3-9(2) | |
| 6 | 2004-05 | LFT.15-210/09 Dt.22.4.10/5.6.10 | 11 | 2-2(1), 2-2(2എ), 3-1, 3-5, 3-10, 3-11(1,2), 3-12, 3-13, 3-14 (എ,ബി,സി,ഡി), 3-15(എ,ബി,സി), 3-18 | |
| 7 | 2005-06 | LFT.15-420/10 Dt.14.9.10/14.2.11 | 4 | 3-2, 3-4, 3-7, 3-8 | |
| 8 | 2006-07 | LFT.15-421/10 Dt.14.9.10/14.2.11 | 13 | 3-4, 3-6, 3-7, 3-8, 3-12, 3-17, 3-18, 3-19, 3-20, 3-22, 3-24, 3-25, 3-26 | |
| 9 | 2007-08 | LFT.(P7)-374/11 Dt. 11.3.11/31.3.11 | 6 | 2-5, 3-9, 3-11, 3-14, 3-15, 3-17 | |
| 10 | 2008-09 | LFT(P7)-375/11 Dt.16.3.11 | 6 | 2-5(1,2,3), 2-8, 3-4, 3-5, 3-11, 3-14 | |
| 11 | 2009-10 | LFT(P7)-376/11 Dt.16.3.11 | 8 | 2-1 ബി (A,B,C,D), 2-4, 3-5, 3-8, 3-13, 3-14, 3-17, 3-18(d) | |
| 12 | 2010-11 | LFT(P1)-2407/12 Dt.4.4.13/16.7.13 | 11 | 2-2, 2-4(a,b,c), 2-5,2-6,3-6, 3-10, 3-11,3-12, 3-14, 3-15(II,III,IV), 3-16 | |
| 13 | 2011-12 | LFT(P1)-714/13 Dt.16.8.13 | 2 | 2-6(3), 3-7 | |
| 14 | 2012-13 | LFT(P5)-58/14 Dt.12.8.14/18.9.14 | 6 | 3-2, 3-7, 3-11, 3-13(ബി), 3-14, 3-15 | |
| 15 | 2013-14 | KSATSR(P5)-190/15 Dt.8.7.15/28.9.15 | 7 | 3-1, 3-2, 3-5, 3-7, 3-8, 3-12, 3-13b | |
| 16 | 2014-15 | KSATSR(P5)-932/16 Dt.13.06.16 | 13 | 2-1(1,2), 2-4, 2-5 | |
| | | | | 2-6 | CAR |
| | | | | 3-3, 3-7(5,6,7), 3-8, 3-9, 3-10, | |

| | | | | | |
|---|---|---|---|---|---|
| | | | | 3-13, 3-14, 3-15, 3-19 | |
| 17 | 2015-16 | KSATSR(P5)-2126/2016 Dt.16.1.17/31.1.17 | 18 | 2-1, 2-2,2-4, 2-6, 2-9, 3-1, 3-2(1,3), 3-3, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-14, 3-15, 3-16 | |
| 18 | 2016-17 | KSATSR(P5)-1640/17 Dt.30.11.17/22.12.17 | 10 | 2-4, 2-10, 3-1, 3-2(2), 3-8, 3-10, 3-11, 3-12, 3-14(1), 3-19 Ii(2), 3-19 Iii (1,2) | |
| 19 | 2017-18 | KSATSR(P5)-1844/18 Dt.17.1.19 | 10 | 3-3, 3-7, 3-10, 3-11, 3-13, 3-15, 3-16, 3-21, 3-22, 3-23 | |
| 20 | 2018-19 | കെ.എസ്.എ.ടി.എസ്.ആർ (പി4)1782/2019/തീ. 25.01.2021 | 19 | 1-10, 1-12, 1-13, 1-15, 1-16, 1-17, 1-18, 1-20, 1-21, 1-22, 1-23, 1-24, 1-27, 1-29, 1-31, 1-32, 1-33, 1-34, 3-1 | |
| 21 | 2019-20 | KSATSR(P4)979/2022/ 03.07.2022 | 55 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56, 1-57, 1-58, 1-59, 1-60, 1-61, 1-62, 1-63, 3-1 | |
| 22 | 2020-21 | കെ.എസ്.എ.ടി.എസ്.ആർ. (പി.4.)1187/2022/ 27/07/2022 | 55 | 1-9, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48, 1-49, 1-50, 1-51, 1-52, 1-53, 1-54, 1-55, 1-56, 1-57, | |

| | | | | | |
|---|---|---|---|---|---|
| | | | | 1-58, 1-59, 1-60, 1-61, 1-62, 1-63, 1-64 | |
| | ആകെ | | 283 | | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്